# കെണികൾ തിരിച്ചറിയാത്തവർ

സാമ്രാജ്യത്വ ദുശ്ശക്തികളും സയണിസ്റ്റുകളും മുസ്‌ലിം നേതാക്കളെ 'ആദര'പൂർവം ചട്ടുകങ്ങളായി ഉപയോഗപ്പെടുത്തിയിട്ടുണ്ട്. ഇതവർ ചെയ്യുന്നത് അതീവ വൈദഗ്ധ്യത്തോടെയായിരിക്കും. ചട്ടുകങ്ങളായി വർത്തിക്കുമ്പോഴും 'തങ്ങൾ മുന്തിയ സുകൃതങ്ങളിൽ വ്യാപൃതരാണ്' (ഖുർആൻ 18:104) എന്ന പ്രതീതി അത്തരം നേതാക്കളിലും അവരുടെ അനുയായികളിലും സമർഥമായി വളർത്തപ്പെടുന്നുവെന്നതാണ് അനുഭവസത്യം. ഇപ്പോഴും എത്രയോ പണ്ഡിതരും നേതാക്കളും ചട്ടുകങ്ങളായി അമേരിക്ക, ഈജിപ്ത് തുടങ്ങിയ നാടുകളിൽ സന്ദർശനം നടത്തിക്കൊണ്ടിരിക്കുന്നു. ഫോർഡ് ഫൗണ്ടേഷൻ മുതൽ നിരവധി ഏജൻസികൾ പല മുസ്‌ലിം നേതാക്കളെയും ബുദ്ധിജീവികളെയും സമർഥമായി വലയിലാക്കിക്കൊണ്ടിരിക്കുന്നു. ചിലരെ ഈജിപ്ത് കേന്ദ്രമായുള്ള നെറ്റ്‌വർക്കിലൂടെയും മറ്റു ചിലരെ ഗൾഫ് രാഷ്ട്രങ്ങളും മലേഷ്യ ഉൾപ്പെടെയുള്ള ചില നാടുകളും കേന്ദ്രമായ നെറ്റ്‌വർക്കിലൂടെയും. കയ്റോയിലേക്കും ന്യൂയോർക്കിലേക്കും മറ്റുമുള്ള ചിലരുടെയെങ്കിലും പര്യടനങ്ങളുടെ ശരിയായ പിന്നാമ്പുറ കഥകൾ ദശകങ്ങൾക്കു ശേഷമായിരിക്കും വെളിവാകുക.

**എ.ആർ അഹ്മദ് ഹസൻ**
**മാഹി**

**കത്തുകൾ**




# പുതുപുത്തൻ ആചാരങ്ങൾ!

ജമാഅത്തെ ഇസ്‌ലാമിയടക്കമുള്ള സംഘടനകളെ വിശേഷിപ്പിക്കാൻ കേരളത്തിലെ യാഥാസ്ഥിതിക ഗ്രൂപ്പുകൾ ഉപയോഗിക്കുന്ന പദമാണ് 'പുത്തൻപ്രസ്ഥാനം' എന്നത്. ജമാഅത്തും മറ്റും നിലകൊള്ളുന്ന ആശയങ്ങൾ ഇസ്‌ലാമികമല്ലെന്നും പ്രവാചകചര്യക്ക് നിരക്കുന്നതല്ലെന്നുമാണ് അവരുടെ പ്രചാരണം. എന്നാൽ ശക്തമായ ആദർശാടിത്തറയിൽ നിന്നുകൊണ്ട് ഇസ്‌ലാമിക പ്രവർത്തകർ വ്യക്തിപരമായും സംഘടിതമായും നടത്തിയ ആശയസംവാദങ്ങളുടെ ഫലമായി 'പുത്തൻവാദ' പ്രചാരണത്തിന് മൂർച്ച നഷ്ടപ്പെടുന്നതായാണ് അനുഭവം.

അടുത്ത കാലത്ത് സമസ്ത ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ പ്രകടമായിക്കൊണ്ടിരിക്കുന്ന ചില പ്രവണതകൾ ഓരോ വിശ്വാസിയുടെയും നേർക്ക് ഒരു ചോദ്യമെറിയുന്നു; 'ആരാണ് യഥാർഥ പുത്തൻവാദികൾ?' ഏഴു വർഷം സുന്നീ മദ്റസയിൽ പഠിച്ച എനിക്ക് അന്ന് പരിചയപ്പെടാൻ കഴിയാതിരുന്ന ഒരു പ്രതിഭാസമാണ് ഈയടുത്ത് മുളപൊട്ടിയ ഫർദ് നമസ്കാരാനന്തരമുള്ള കൂട്ട സ്വലാത്ത് ചൊല്ലൽ. ഞാൻ മദ്റസാ വിദ്യാർഥിയായിരുന്ന കാലത്ത് ഒരു ഉസ്താദും കൂട്ട പ്രാർഥനയുടെ തുടർച്ചയായി ഒരു കൂട്ട സ്വലാത്ത് ചൊല്ലാൻ എന്നെ പഠിപ്പിച്ചിരുന്നില്ല. എന്റെ മദ്റസാ പഠനം അവസാനിച്ച ശേഷമുള്ള ഇക്കഴിഞ്ഞ എട്ടു വർഷങ്ങൾക്കുള്ളിലാണ് ഈ 'സുന്നത്ത്' ചിലർ കണ്ടുപിടിച്ചുകളഞ്ഞത്. ഇതല്ലേ യഥാർഥ പുത്തൻവാദം?

റബീഉൽ അവ്വലിലെ മൗലിദ് പാരായണം സമസ്തക്കാർക്കിടയിൽ മുമ്പേ പതിവുള്ളതാണ്. പള്ളിയുടെ അകത്തളങ്ങളിൽ ആവശ്യത്തിനു മാത്രം ശബ്ദമുപയോഗിച്ച് നടത്തുകയായിരുന്നു രീതി. ഇപ്പോൾ റബീഉൽ അവ്വൽ വന്നാൽ ഇവർ തങ്ങളുടെ നിയന്ത്രണത്തിലുള്ള പള്ളികൾ ക്ഷേത്രങ്ങളെയും ചർച്ചുകളെയും പോലെ ദീപാലംകൃതമാക്കി അണിയിച്ചൊരുക്കി മൈക്ക് പുറത്തേക്ക് ഓൺ ചെയ്ത് ഉച്ചത്തിൽ മൗലിദ് പാരായണവും കൂട്ട സ്വലാത്തും മറ്റും നടത്തുന്ന രീതി കണ്ടുവരുന്നു. ഇതല്ലേ പുതുപുത്തൻ ആചാരം?

ഇസ്‌ലാമിന് ഇതര സംസ്കൃതികളിൽനിന്ന് പ്രകടമായ ഭിന്നതയുണ്ട്. എന്നാൽ ചിലർ ശ്രമിക്കുന്നത് മറ്റുള്ളവരുടെ സംസ്കാരങ്ങളെ അനുകരിച്ച് ഇസ്‌ലാമിന്റെ അനന്യ സൗന്ദര്യത്തെ വികൃതമാക്കാനാണ്.

**പി.കെ.എൻ, ഫറോക്ക്**

# ജനകീയ പോരാട്ടങ്ങളുടെ നിലപാടുതറ

സാമൂഹിക തിന്മകൾക്കും ഭരണകൂട അനീതികൾക്കുമെതിരെ ജനകീയ പോരാട്ടത്തിന്റെ പാതയിലൂടെ മുന്നേറുന്ന ഇസ്‌ലാമിക യുവജന-വിദ്യാർഥി പ്രസ്ഥാനങ്ങളുടെ നിലപാടുതറ ഇസ്‌ലാമിക പ്രമാണങ്ങളുടെ വെളിച്ചത്തിൽ വിശദീകരിക്കുന്നു ശൈഖ് മുഹമ്മദ് കാരകുന്ന് എഴുതിയ 'ബഹുദൈവാരാധന, സാമൂഹികതിന്മ, ജനകീയ പോരാട്ടം' (ലക്കം 45). ഭരണകൂട ഭീകരതയും സമൂഹത്തിൽ നടമാടുന്ന അക്രമവും അനീതിയും ചൂഷണവും തട്ടിപ്പും വെട്ടിപ്പും കൈക്കൂലിയും കണ്ടില്ലെന്ന് നടിച്ച് ഖണ്ഡന മണ്ഡനങ്ങൾ നടത്തി കാലം കഴിക്കുന്ന മുസ്‌ലിം സംഘടനകളെ പൊതുസമൂഹം അവജ്ഞയോടെയാണ് വീക്ഷിക്കുന്നത്. അത്തരം സംഘടനകളിൽനിന്ന് വ്യതിരിക്തമായി സമൂഹത്തിന്റെ പൊതു പ്രശ്നങ്ങൾ ഏറ്റെടുത്ത് മുന്നോട്ടു നീങ്ങുന്നവരാണ് പ്രവാചകന്മാരുടെ നൈരന്തര്യം കാത്തുസൂക്ഷിക്കുന്നത്.

**എ.ടി മുഹമ്മദ് കുട്ടി**
**മേലേ പട്ടാമ്പി**

# അധിനിവേശത്തെ ചെറുക്കാൻ

ജമാഅത്തെ ഇസ്‌ലാമി അഖിലേന്ത്യാ അമീർ സയ്യിദ് ജലാലുദ്ദീൻ അൻസർ ഉമരിയുമായുള്ള അഭിമുഖം (ഏപ്രിൽ 28) വായിച്ചു. ധൈഷണികവും ധാർമികവുമായ ചെറുത്തുനിൽപാണ് സാമ്രാജ്യത്വത്തിനും പാശ്ചാത്യ സാംസ്കാരികാധിനിവേശത്തിനുമെതിരെ നടത്തേണ്ടത് എന്ന അമീറിന്റെ അഭിപ്രായം ഉൾക്കാഴ്ചയുള്ളതാണ്.

ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം പാശ്ചാത്യ സംസ്കാരത്തോട് കൂടുതൽ വിധേയത്വം കാണിക്കുന്നുവെന്നത് ഒരു യാഥാർഥ്യമാണ്. അതിശക്തമായ വിവരവിനിമയ മാധ്യമങ്ങളിലൂടെയാണ് പാശ്ചാത്യ സംസ്കാരം കേരളജനതയെ ആക്രമിച്ചുകൊണ്ടിരിക്കുന്നത്. സംസ്കാരവും ആഗോളീകരണവും തമ്മിലുള്ള പാരസ്പര്യം വലിയൊരളവോളം നിലനിൽക്കുന്നത് മീഡിയ വഴിയാണ്. ഇൻഫർമേഷൻ ടെക്നോളജിയുടെ വ്യാപനം ദൂരവ്യാപക പ്രത്യാഘാതങ്ങൾക്കിടയാക്കിയിട്ടുണ്ട്. കുത്തഴിഞ്ഞ ലൈംഗികതക്കും പ്രൈമറി വിദ്യാർഥികളെ വരെ വഴിതെറ്റിക്കാനും അത് ഉപയോഗിക്കപ്പെടുന്നു.

കേരളത്തിൽ ഇസ്‌ലാമിക കലാലായങ്ങൾ ധാരാളമുണ്ട്. അവ സദാചാര-ധാർമിക മൂല്യങ്ങൾ ഊട്ടിയുറപ്പിക്കുന്നതിന് ഉതകേണ്ടതാണ്. എന്നാൽ, ഇത്തരം സ്ഥാപനങ്ങളിൽനിന്ന് ഓരോ വർഷവും പഠിച്ചിറങ്ങുന്നവർക്ക് എന്തുകൊണ്ട് സമൂഹത്തിൽ കാര്യമായ സാംസ്കാരിക മാറ്റം ഉണ്ടാക്കാനാകുന്നില്ല? സാംസ്കാരികാധിനിവേശത്തെ ചെറുക്കാൻ പ്രാപ്തിയുള്ളവരാണോ ഇസ്‌ലാമിക കലാലയങ്ങളിൽനിന്ന് പുറത്തിറങ്ങുന്നത് എന്നും ചിന്തിക്കേണ്ടതുണ്ട്.

**പി. അബ്ദുൽ അഹദ്, കോഡൂർ**

# എന്തിനീ സാഹസം?

വഅ്ളിനെക്കുറിച്ച് വന്ന ലേഖനവും പ്രതികരണങ്ങളും വായിച്ചു. രാത്രിസമയത്ത് നടക്കുന്ന ആത്മീയാംശമുള്ള പ്രഭാഷണത്തിനാണ് നമ്മുടെ നാട്ടിൽ വഅ്ള് എന്ന് പറയുന്നത്. അതിന് പ്രത്യേക സ്വഭാവവും രീതികളുമൊക്കെയുണ്ട്. എന്നാൽ ഖുർആനിൽ പരാമർശിക്കപ്പെടുന്ന വഅ്ള് എന്ന പദം ഇത്തരമൊരാശയത്തെ കുറിക്കുന്നില്ല. നാട്ടുനടപ്പ് വഅ്ളുകളെ ഖുർആനികമാക്കാൻ നടത്തിയ വലിച്ചുനീട്ടൽ ബാലിശമാണ്. ഖുത്ബകൾ, പത്ര-പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ, ഖുർആൻ പഠനവേദികൾ, പഠനക്ലാസ്സുകൾ, സ്റ്റഡി സെന്ററുകൾ, റമദാൻ പ്രഭാഷണങ്ങൾ, വയോജന വിദ്യഭ്യാസ പരിപാടികൾ തുടങ്ങി ദീനീവിജ്ഞാന പ്രചാരണത്തിനാവശ്യമായ ഫലപ്രദമായ ഒട്ടേറെ സംവിധാനങ്ങൾ നാട്ടിൽ നിലവിലുള്ള കാര്യം ലേഖകന്റെ ശ്രദ്ധയിൽപെട്ടിട്ടില്ലെന്ന് തോന്നുന്നു. ഇവക്കിടയിൽ 'വഅ്ളി'ന്റെ ഇടം (പ്രസക്തി) എവിടെയാണെന്ന് മനസ്സിലാകുന്നില്ല. മാത്രമല്ല, ദീനീവിജ്ഞാനം പരമ്പരാഗത വഅ്ളിന്റെ കാലത്തേക്കാൾ സാർവത്രികവും ദീനീ അവബോധം പഴയ തലമുറയേക്കാൾ ശക്തവുമാണ് ഇന്ന്.

അതേസമയം വഅ്ള് പോലെയുള്ള പരമ്പരാഗത ദീനീചിഹ്നങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൂടെ സമുദായത്തിന്റെ മുഖ്യധാരയിലേക്ക് ഇസ്‌ലാമിക പ്രസ്ഥാനങ്ങൾക്ക് ചേർന്നുനിൽക്കാൻ കഴിയുമെന്ന രചനാത്മക വശം ഉണ്ട്. ഭിന്നിപ്പിന്റേതും അകൽച്ചയുടേതും മാത്രമായ സംഘടനാ സംസ്കാരത്തിൽനിന്ന് മാറി പൊതുധാരയുമായി താദാത്മ്യം പ്രാപിക്കാനുള്ള ശ്രമങ്ങൾക്ക് പ്രസക്തിയുണ്ട്. പക്ഷേ വഅ്ള് അതിന്റെ പാരമ്പര്യസ്വഭാവത്തിൽനിന്ന് മാറി സംഘടനാ സങ്കുചിതത്വത്തിന്റെയും മറുകക്ഷി വിചാരണയുടെയും ആക്ഷേപഹാസ്യ-കലാപരിപാടിയായി മാറിയ നമ്മുടെ കാലത്ത് നന്മേഛയോടെയാണെങ്കിലും പ്രസ്ഥാനം ഇത്തരം വേദികളുണ്ടാക്കുന്നത്, 'ഓ..... നിങ്ങളും തുടങ്ങിയോ' എന്ന പ്രതികരണത്തിനാണിടവരുത്തുക.

അഞ്ചു ദിവസം നീണ്ടുനിൽക്കുന്ന ഒരു വഅ്ള് പരമ്പര നടത്താനുള്ള ചെലവ് ഇരുപതിനായിരമോ അതിലധികമോ വരും. മനുഷ്യാധ്വാനം അതിനു പുറമെയും. ഇത്രയധികം ചെലവിട്ട് ദീനീവിജ്ഞാനം പ്രചരിപ്പിക്കുന്ന ഈ വേദി തീർത്തും നിഷ്ഫലമാണെന്ന് സ്ഥാപിക്കുകയല്ല. എന്നാൽ, ഈ വിഭവങ്ങളുപയോഗിച്ച് ഇതിലും ഫലപ്രദമായ മറ്റു വഴികൾ അന്വേഷിക്കുന്നതല്ലേ ബുദ്ധി?

**വി.ടി. അനീസ് അഹ്മദ്**
**മുള്ളൻകുന്ന്**

മുൻകാലങ്ങളിൽ മതപ്രസംഗ പരമ്പര ബഹുജനങ്ങളെ സംബന്ധിച്ചേടത്തോളം പ്രയോജനകരമായിരുന്നു. വിവിധ വിഷയങ്ങൾ കോർത്തിണക്കി നാൽപതു നാളുകൾ വരെ നീണ്ടുനിൽക്കാറുണ്ടായിരുന്ന വഅ്ള് പരമ്പര പ്രായഭേദമന്യേ പുരുഷന്മാർക്കും സ്ത്രീകൾക്കുമെല്ലാം ദീനിന്റെ പ്രാഥമിക പാഠങ്ങൾ പഠിക്കാൻ ഉപകാരപ്പെട്ടിരുന്നു.

എന്നാൽ പിൽക്കാലത്ത് ഇതിനും ജീർണത ബാധിച്ചു. പരസ്പരം കാഫിറും മുശ്‌രിക്കും മുബ്തദിഉം ആക്കി കടിച്ചുകീറുന്നതിനുള്ള വേദിയായി ഇത് മാറി. പലപ്പോഴും ശ്ലീലതയുടെ അതിർവരമ്പുകൾ ഭേദിച്ചും പാതിരാ പ്രസംഗങ്ങൾ നീണ്ടു.

ഇപ്പോൾ പരസ്പരം വിഴുപ്പലക്കൽ ഒരു പാഴ്‌വേലയാണെന്ന ബോധം ശക്തമാണ്. സമസ്തക്കാരുടെ മഹല്ലുകളിലും ഖുത്ബ മാതൃഭാഷയിലാകണമെന്ന അഭിപ്രായം ഉയർന്നുവരുന്നുണ്ട്. മലയാള ഖുത്ബയുള്ള പള്ളികളിലേക്ക് സംഘടനാ ബന്ധമില്ലാത്ത വിശ്വാസികൾ ഒഴുകുന്നതാകാം ഇതിനൊരു കാരണം. ഇസ്‌ലാമിക സന്ദേശത്തിന്റെ പ്രചാരണം ലക്ഷ്യംവെച്ച് വഅ്ള് പരമ്പരകൾ നടക്കുകയാണെങ്കിൽ, അത് വലിയ ദീനീസേവനമായിരിക്കും.

**കെ.വി യൂസുഫ്**
**പെരിങ്ങാടി**

# തീവ്രവാദത്തോടുള്ള ഇസ്‌ലാമിക സമീപനം

ചോദ്യോത്തര പംക്തിയിൽ (ലക്കം 46) അബൂബാസിലിന്റെ ചോദ്യത്തോടുള്ള *മുജീബി*ന്റെ പ്രതികരണം ശ്രദ്ധേയമായി. തീവ്രവാദത്തോടുള്ള ഇസ്‌ലാമിക സമീപനം മറുപടിയിൽ സുവ്യക്തമായി വിശദീകരിക്കപ്പെടുന്നു.

ഇസ്‌ലാമിനെക്കുറിച്ചും ഇന്ത്യാ ചരിത്രത്തെക്കുറിച്ചുമുള്ള അജ്ഞതയാണ് തീവ്രവാദ പ്രവർത്തനങ്ങളിലേക്ക് ചില മുസ്‌ലിം യുവാക്കൾ ആകൃഷ്ടരാകുന്നതിന് കാരണം. എന്തിനും ഏതിനും സായുധനീക്കം എന്ന അപകടകരമായ മതിഭ്രമത്തിലാണ് ചിലർ എത്തിച്ചേർന്നിട്ടുള്ളത്. അങ്ങനെയുള്ള വർഗീയ ചിന്തകൾ സ്ഥിതിഗതികൾ വഷളാക്കുകയേയുള്ളൂ.

ഇസ്‌ലാം യഥാർഥത്തിൽ സമാധാനത്തിന്റെ മതമാണ്. തീവ്രചിന്തകളെ ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഏതു രംഗത്തായാലും മിതത്വമാണ് ഇസ്‌ലാമിക സമീപനം. മുഹമ്മദ് നബിയുടെ പ്രവാചകജീവിതത്തിന്റെ ആദ്യ കാലങ്ങളിൽ ശത്രുക്കളിൽനിന്ന് ശക്തമായ എതിർപ്പുകളെ നേരിടേണ്ടിവന്നിട്ടുണ്ട്. ആവശ്യത്തിന് അനുയായികളുണ്ടായിട്ടും തിരിച്ചടിക്കാനുള്ള അനുവാദം അല്ലാഹുവിൽനിന്ന് നബിക്ക് ലഭിക്കുകയുണ്ടായില്ല. ശരിയായി പ്രബോധനം നൽകപ്പെടാത്ത ഒരു ജനസമൂഹത്തിനു നേരെ സായുധസമരം നടത്തുക എന്നത് അതിക്രമമാണ് എന്ന സമീപനമായിരുന്നു കാരണം. ഇന്ത്യയിൽ ചരിത്രപരമായ കാരണങ്ങളാൽ അന്യമതസ്ഥർക്ക് ഇസ്‌ലാമിനോട് വലിയ മതിപ്പില്ല. മുസ്‌ലിംകളുടെ ജിഹാദ് കേവലം വർഗീയ നീക്കമായി മാത്രമാണ് അന്യമതസ്ഥർ കാണുന്നത്. ഇന്ത്യാ വിഭജനത്തിൽ മുസ്‌ലിംകൾക്ക് പങ്കുണ്ടെന്നും സംശയിക്കപ്പെടുന്നു.

കാര്യങ്ങൾ യാഥാർഥ്യബോധത്തോടെ മനസ്സിലാക്കാൻ ശ്രമിക്കാതെ സായുധ പ്രതിരോധത്തെപ്പറ്റിയും മറ്റും ചിന്തിക്കുന്നത് ഇന്ത്യൻ മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ആത്മഹത്യാപരമാണ്. ഇത്തരം അബദ്ധങ്ങൾ ഇന്ത്യയിൽ ഇസ്‌ലാമിന്റെ ഭാവി കൂടുതൽ ആശങ്കാജനകമാക്കുകയേയുള്ളൂ.

**വിനോദ് കുമാർ, എടച്ചേരി**